# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/1328/1997 തീയതി: 30-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. കൊച്ചുപുരയ്ക്കൽ റബ്ബേഴ്സ് - കൈമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) ഈ ഓഫീസിലെ 26-08-97- ലെ ബി1/1328/97-ാം നമ്പർ നടപടിക്രമം.
6) ഈ ഓഫീസിലെ 11-01-2000-- ലെ ബി1/1328/97-ാം നമ്പർ നടപടിക്രമം.
7) ഈ ഓഫീസിലെ 26-02-05 - ലെ ബി1/1328/97-ാം നമ്പർ നടപടിക്രമം.
8) സർക്കാർ കത്ത് നമ്പർ 22841/എഫ്1/2013/ഐ.ഡി തീയതി 02-12-13
9) ശ്രീമതി അച്ചാമ്മക്കുട്ടി ചാക്കോയുടെ 27-04-18 ലെയും ശ്രീ.സജി ചെറിയാന്റെ 30-04-18 ലെയും അപേക്ഷ.
10) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/ഐ.ഡി തീയതി 24-05-17.
11) 26-06-18 ലെ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനം.
12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013 -ാം നമ്പർ സർക്കുലർ.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 ൽ ഉൾപ്പെട്ട 8 സെന്റ് സ്ഥലം ശ്രീ സുനിൽ ജോസ്, സൂസൻ വില്ല, സൗത്ത് മനോരമ, കോട്ടയം എന്ന സംരംഭകന് മെ. മൈക്ക റബ്ബർ ഇൻഡസ്ട്രീസ് എന്ന പേരിൽ ഹവായി വി സ്ട്രാപ്പുകളുടേയും റബ്ബർ മോൾഡഡ് ഉൽപ്പന്നങ്ങളുടേയും നിർമ്മാണത്തിനായി സൂചന(5) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. സ്ഥാപനത്തിന്റെ ഘടന ഉടമസ്ഥാവകാശത്തിൽ നിന്നും ശ്രീ.സുനിൽ ജോസ് മാനേജിംഗ് പാർട്ട്ണറും ശ്രീ.കെ.കെ ചാക്കോ, ശ്രീമതി. അച്ചാമ്മക്കുട്ടി ചാക്കോ, ശ്രീ. സിബു ജേക്കബ് എന്നിവർ പാർട്ട്ണർമാരായുമുള്ള പങ്കാളിത്ത വ്യവസ്ഥയിലേക്ക് മാറ്റിയും പേര് മെ. കൊച്ചുപുരയ്ക്കൽ റബ്ബേഴ്സ് എന്നും ആക്ടിവിറ്റി ട്രെഡ് റബ്ബറും കുഷ്യൻ ഗമും എന്നും ഭേദഗതി വരുത്തി സൂചന (6) പ്രകാരം ഉത്തരവായി. മാനേജിംഗ് പാർട്ട്ണറായിരുന്ന ശ്രീ.സുനിൽ ജോസിനെ വിടുതൽ ചെയ്തുകൊണ്ട് ശ്രീമതി അച്ചാമ്മക്കുട്ടി ചാക്കോ മാനേജിംഗ് പാർട്ട്ണറായും ശ്രീ.കെ.കെ ചാക്കോ ശ്രീ.സിബു ജേക്കബ് എന്നിവർ പാർട്ട്ണർമാരായും പാർട്ട്ണർഷിപ്പിൽ വരുത്തിയ മാറ്റത്തിന് സൂചന (7) പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതാണ്.

പ്രായാധിക്യവും സാമ്പത്തിക പരാധീനതയും കാരണം സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും സ്ഥാപനം ശ്രീ.സജി ചെറിയാൻ, തളികപ്പറമ്പിൽ, മണർകാട്, കോട്ടയം എന്ന സംരംഭകന് കൈമാറുന്നതിന് അനുമതി നൽകണമെന്ന് മാനേജിംഗ് പാർട്ട്ണർ ശ്രീമതി അച്ചാമ്മക്കുട്ടി ചാക്കോയും സ്ഥാപനം ഏറ്റെടുത്ത് റബ്ബർ മാറ്റ് നിർമ്മാണത്തിനായി മെ.ശ്രേയാ റബ്ബർ പ്രൊഡക്ട്സ് എന്ന പേരിൽ പ്രസ്തുത സ്ഥാപനം നടത്തുവാൻ അനുമതി നൽകണമെന്ന് ശ്രീ.സജി ചെറിയാനും ആവശ്യമായ രേഖകൾ സഹിതം അപേക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിനു സർക്കാരിലോ ധനകാര്യസ്ഥാപനത്തിലോ ബാദ്ധ്യതകൾ നിലവിലില്ല. ഇതു സംബന്ധിച്ച സത്യവാങ്മൂലവും സമർപ്പിച്ചിട്ടുണ്ട്. സ്ഥലവില വ്യത്യാസമായി നിലവിലെ നിരക്കനുസരിച്ചുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

26-06-18 ൽ ചേർന്ന ജില്ലാ ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി അപേക്ഷയും ബന്ധപ്പെട്ടരേഖകളും പരിശോധിക്കുകയും കൈമാറ്റ ഉത്തരവ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഡി.എ/ഡി.പി കളിലെ അസൈൻമെന്റ് ലഭിക്കാത്ത ഭൂമി/സ്ഥാപനങ്ങളുടെ കൈമാറ്റം, മാനേജ്മെന്റ് മാറ്റം, ആക്ടിവിറ്റി മാറ്റം മുതലായവയ്ക്ക് അംഗീകാരം നൽകുന്നതിന് സൂചന (12) പ്രകാരം ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ മെ. കൊച്ചുപുരയ്ക്കൽ റബ്ബേഴ്സ് എന്ന സ്ഥാപനത്തിന്റെ കൈമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 ൽ ഉൾപ്പെട്ട 8 സെന്റ് സ്ഥലവും ടി സ്ഥലത്ത് പ്രവർത്തിക്കുന്ന മെ. കൊച്ചുപുരയ്ക്കൽ റബ്ബേഴ്സ് എന്ന സ്ഥാപനവും ശ്രീ.സജി ചെറിയാൻ തളികപ്പറമ്പിൽ, മണർകാട്, കോട്ടയം എന്ന സംരംഭകന് മെ. ശ്രേയ റബ്ബർ പ്രൊഡക്ട്സ് എന്ന പേരിൽ റബ്ബർ മാറ്റ് നിർമ്മാണം നടത്തുന്നതിനായി സൂചനയിൽ പറയുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കൈമാറ്റം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

1) ശ്രീ. സജി ചെറിയാൻ സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസ് അടയ്ക്കേണ്ടതാണ്.
2) അടുത്ത 5 വർഷത്തിനുള്ളിൽ ആക്ടിവിറ്റി മാറ്റം/മാനേജ്മെന്റ് മാറ്റം/ കൈമാറ്റം/ പേരുമാറ്റം എന്നിവയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീ. സജി ചെറിയാൻ സമർപ്പിക്കേണ്ടതാണ്.
3) സർക്കാരുമായുള്ള പുതിയ ഹയർ പർച്ചേസ് ഉടമ്പടി ശ്രീ. സജി ചെറിയാൻ ഒരുമാസത്തിനകം ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
4) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളിലെ ലാന്റ് അലോട്ട്മെന്റ് സംബന്ധിച്ച രജിസ്റ്ററിൽ ഇത് സംബന്ധിച്ചുള്ള മാറ്റം വരുത്തുന്നതാണ്.

ഒപ്പ്/
**ജനറൽ മാനേജർ**

സ്വീകർത്താവ്:-

1) ശ്രീമതി. അച്ചാമ്മക്കുട്ടി ചാക്കോ, കൊച്ചുപുരയ്ക്കൽ, കുറിച്ചി, കോട്ടയം
2) ശ്രീ. സജി ചെറിയാൻ, തളികപ്പറമ്പിൽ, മണർകാട് പി.ഒ., കോട്ടയം-686019
3) ശ്രീ.കെ.കെ ചാക്കോ, കൊച്ചുപുരയ്ക്കൽ ഹൗസ്, കുറിച്ചി, കോട്ടയം
4) ശ്രീ.സിബു ജേക്കബ്, കൊച്ചുപുരയ്ക്കൽ ഹൗസ്, കുറിച്ചി, കോട്ടയം

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

**മാനേജർ (ക്രഡിറ്റ്)**

APR 30-07-18